പണിഷ്മെൻറ് ട്രാൻസ്ഫർ നൽകി ഉദ്യോഗസ്ഥൻമാരെ പിന്നോക്ക പ്രദേശങ്ങളിൽ നിയമിക്കുന്ന സമ്പ്രദായം

*310 [327] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ കുറ്റകൃത്യങ്ങൾ ചെയ്യുന്ന ഉദ്യോഗസ്ഥൻമാരെ പണിഷ്മെൻറ് ട്രാൻസ്ഫർ നൽകി പിന്നോക്ക പ്രദേശങ്ങളിൽ നിയമനം നൽകുമ്പോൾ ടി പ്രദേശം വികസനപരമായി വളരെയധികം തരം താഴ്ത്തപ്പെടുന്നതായി സർക്കാരിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഗുഡ് സർവ്വീസ് എൻട്രിയും ഗ്രേഡുകളും ലഭിച്ച ഉദ്യോഗസ്ഥൻമാരെ ഇത്തരം അവികസിത പ്രദേശങ്ങളിൽ നിയമിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) അവികസിത പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വാടകയില്ലാത്ത ക്വാർട്ടേഴ്സുകളും കോമ്പൻസേഷൻ അലവൻസുകളും അനുവദിക്കുവാൻ വേണ്ടുന്ന നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ) ശിക്ഷണനടപടിയെന്ന നിലയിൽ സ്ഥലം മാറ്റുന്ന എല്ലാ ഉദ്യോഗസ്ഥൻമാരേയും ഒരു നയമെന്ന നിലയിൽ പിന്നോക്ക പ്രദേശങ്ങളിൽതന്നെ നിയമിക്കാറില്ല. അതിനാൽ അക്കാരണംകൊണ്ടുമാത്രം ഏതെങ്കിലും പ്രദേശം വികസനപരമായി തരം താഴ്ത്തപ്പെടുവാൻ ഇടയില്ല.

(ബി) ഭരണപരമായ കാര്യങ്ങളിൽ പ്രശസ്ത സേവനത്തിന് അംഗീകാരവും പാരിതോഷികവും കരസ്ഥമാക്കിയ എല്ലാ ഉദ്യോഗസ്ഥൻമാരേയും അവികസിത പ്രദേശങ്ങളിൽ മാത്രം നിയമിക്കണമെന്നുള്ളത് ഒരു നയമായി സ്വീകരിക്കാൻ പറ്റുകയില്ല.

(സി) സാമ്പത്തിക പരിമിതിക്ക് വിധേയമായി എല്ലാ ജീവനക്കാർക്കും പരമാവധി ആനുകൂല്യങ്ങൾ നൽകുകയെന്നതാണ് ഗവൺമെൻറിൻെറ നയം.

കേരളം സന്ദർശിക്കുന്ന നിയമസഭ കമ്മിറ്റി അംഗങ്ങളുടെ സുഖസൗകര്യങ്ങൾ

*311 [328] ശ്രീ. കെ. സി. വാമദേവൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളം സന്ദർശിക്കുന്ന നിയമസഭ കമ്മിറ്റി അംഗങ്ങളുടെ താമസ സൗകര്യം, യാത്രാസൗകര്യം ഇവകളൊക്കെ ഏർപ്പാടു ചെയ്യുന്നതിന് ഗവൺമെൻറ് എന്തു നടപടികൾ സ്വീകരിച്ചു വരുന്നു?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

സാധാരണ ഗതിയിൽ നിയമസഭാസാമാജികരുടെ ഹോസ്റ്റലിൽ താമസസൗകര്യം ഏർപ്പെടുത്താനാണ് കേരളം സന്ദർശിക്കുന്ന കമ്മിറ്റികൾ ആവശ്യപ്പെടാറുള്ളത്. എന്നാൽ പലപ്പോഴും ഈ സൗകര്യം ഏർപ്പെടുത്താൻ നിയമസഭാ സെക്രട്ടേറിയറ്റിന് സാധ്യമാകാറില്ല. അപ്പോഴൊക്കെ നിയമസഭാ സെക്രട്ടേറിയറ്റ് ആവശ്യപ്പെടുന്നതിനനുസരിച്ച് ഗവൺമെൻറ് അതിഥി മന്ദിരങ്ങളിൽ സ്ഥലസൗകര്യം ഉള്ള പക്ഷം സാധാരണ നിരക്കിൽ വാടക ഈടാക്കി താമസസൗകര്യം നൽകിവരുന്നു. കൂടാതെ വിനോദസഞ്ചാര വകുപ്പിൽ ആവശ്യാനുസരണം സർക്കാർ കാറുകൾ ലഭ്യമല്ലാത്തതുകൊണ്ട് ടൂറിസ്റ്റ് കാറുകൾ വാടകയ്ക്കെടുത്തു കൊടുക്കാറുമുണ്ട്.

സർവ്വീസിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്കു ജോലി നൽകുന്നതിനുള്ള ചട്ടങ്ങൾ

*312 [329] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:

ശ്രീ. പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലിരിക്കെ മരണമടയുന്നവരുടെ ആശ്രിതർക്ക് ജോലി നൽകുന്നതിന് നിലവിലുണ്ടായിരുന്ന ചട്ടങ്ങളിൽ ഈ അടുത്ത കാലത്ത് ഭേദഗതികൾ വരുത്തുകയുണ്ടായോ;

(ബി) എങ്കിൽ ഏതെല്ലാം തരത്തിൽ ഭേദഗതികൾ വരുത്തി;

(സി) പുതിയ ചട്ടങ്ങൾ എന്നുമുതൽ പ്രാബല്യത്തിൽ വരും;

(ഡി) പൊതു മേഖലാ സ്ഥാപനങ്ങളിലും പ്രൈവറ്റ് വിദ്യാലയങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ആശ്രിതർക്ക് കൂടി ഈ ആനുകൂല്യം ബാധകമാകത്തക്കവിധത്തിൽ ചട്ടങ്ങൾ നിലവിലുണ്ടോ;

(ഇ) ഇല്ലെങ്കിൽ അപ്രകാരം ചട്ടങ്ങളിൽ ഭേദഗതി വരുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ) സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്നതു സംബന്ധിച്ച ചട്ടങ്ങളിൽ 16.1.79-ൽ പുറപ്പെടുവിച്ച ജി. ഒ. എം. എസ്. നമ്പർ 46/79/ജി. എ. ഡി എന്ന ഉത്തരവു പ്രകാരം ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

(ബി, സി) ഇവ സംബന്ധിച്ച് വിശദവിവരങ്ങളടങ്ങുന്ന മുകളിൽ പരാമർശിച്ച ഉത്തരവ് മേശപ്പുറത്തു വെച്ചിട്ടുണ്ട്. 16-1-1979 നു ശേഷം ലഭിക്കുന്ന എല്ലാ അപേക്ഷകളിലും തീരുമാനമെടുക്കുന്നത് പ്രസ്തുത ഉത്തരവ് അനുസരിച്ചായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly